# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം.

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7958

16.07.2014 ലെ മറുപടിയ്ക്ക്

റീ എംപ്ലോയിമെന്റ് സാലറി .

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ.റ്റി.യു.കുരുവിള | ശ്രീ.കെ.എം.മാണി, ബഹു: ധനകാര്യവും നിയമവും ഭവന നിർമാണവും വകുപ്പ് മന്ത്രി |
| (എ) | 01.07.2009 ന് റിട്ടയർ ചെയ്ത് തുടർന്നും മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ റീ-എംപ്ളോയിമെന്റ് വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്നവരുടെ, 01.07.2009 മുതൽ പുതുക്കിയ നിരക്കിലുള്ള റീ-എംപ്ളോയിമെന്റ് സാലറി ഏത് ഉത്തരവ് അനുസരിച്ചാണ് ക്രമീകരിക്കേണ്ടത്; | (എ) പ്രസ്തുത ജീവനക്കാരുടെ ശമ്പളം G.O(P)87/2011/Fin dated 28.02.2011, GO(P)No. 316/2012/Fin dated 01.06.2012, GO(P)No.48/2013/Fin dated 23.01.2013. എന്നീ ഉത്തരവുകൾ അനുസരിച്ചാണ് ക്രമീകരിക്കേണ്ടത്. |
| (ബി) | അപ്രകാരം ഓരോരുത്തരുടെയും റീ എംപ്ളോയിമെന്റ് സാലറി ക്രമപ്പെടുത്തി അക്കൌണ്ടന്റ് ജനറൽ നൽകിയിട്ടുണ്ടോ | (ബി & സി) അക്കൌണ്ടന്റ് ജനറൽ ഗസറ്റഡ് തസ്തികയിൽ re-employ |

| | | |
|---|---|---|
| | എന്നറിയാമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | ചെയ്യപ്പെടുന്നവരുടെ re-employment salary ക്രമപ്പെടുത്തി നൽകാറുണ്ട്. |
| (സി) | അങ്ങനെ നൽകിയിട്ടില്ലെങ്കിൽ അതിന്റെ കാരണം ഉത്തരവിന്റെ പോരായ്മയാണോ ; വിശദാംശം ലഭ്യമാക്കുമോ; | |
| (ഡി) | റീ എംപ്ലോയിമെന്റ് വ്യവസ്ഥയിൽ നിയമിക്കപ്പെട്ടവരുടെ ശമ്പളം ജി.ഒ. (പി).87/2011/ഫിൻ, തീയതി 28.02.2011 ശമ്പള / പെൻഷൻ പരിഷ്കരണ ഉത്തരവിൽ പറഞ്ഞ തരത്തിൽ ക്രമപ്പെടുത്തുന്നതിന് എന്താണ് തടസ്സമെന്ന് വ്യക്തമാക്കുമോ; | (ഡി) അക്കൌണ്ടന്റ് ജനറൽ G.O(P)87/2011/Fin dated 28.02.2011 ൽ കൂടുതൽ സ്പഷ്ടീകരണം ആവശ്യപ്പെട്ടതിനെ തുടർന്ന് GO(P)No. 316/2012/ Fin dated 01.06.2012, പുറപ്പെടുവിച്ചു. എന്നാൽ ഇപ്രകാരം ക്രമീകരിക്കുമ്പോൾ പ്രസ്തുത ജീവനക്കാർ വിരമിച്ച തസ്തികയുടെ പരിഷ്കരിച്ച സ്കെയിലിന്റെ മിനിമം ഉറപ്പാക്കുന്നതിനായി GO(P)No.48/2013/Fin dated 23.01.2013 പുറപ്പെടുവിച്ചു. |
| (ഇ) | 01.07.2009 ന് മുമ്പ് പല വർഷങ്ങളിലായി ജോലി ചെയ്തിരുന്നവർക്ക് റീ എംപ്ലോയിമെന്റ് സാലറി ക്രമപ്പെടുത്തി നൽകുമ്പോൾ വലിയ സാമ്പത്തിക നഷ്ടം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ. | (ഇ,എഫ് & ജി) ഇപ്രകാരം സാമ്പത്തിക നഷ്ടം ഉണ്ടാകാതിരിക്കുന്നതിനാണ്. GO(P).316/2012/in Fin dated 01.06.2012 പുറപ്പെടുവിച്ചിട്ടുള്ളത്. |

| | | |
|---|---|---|
| | | |
| (എഫ്) | അപ്രകാരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ 01.07.2009 ൽ ലഭിച്ചിരുന്ന ശമ്പള സ്കെയിലിൽ അന്നേ ദിവസം ലഭിച്ചിരുന്ന അടിസ്ഥാന ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ ഇംക്രിമെന്റ് തീയതി മാറിപ്പോകാത്ത വിധം തൊട്ടടുത്ത ഇംക്രിമെൻറ് തീയതി വച്ച് ശമ്പളം ക്രമപ്പെടുത്തി നൽകാൻ അനുവദിക്കുമോ.; | |
| (ജി) | 01.07.2009 ന് മുതൽ റീ എംപ്ളോയിമെന്റ് വ്യവസ്ഥയിൽ ശമ്പളം നിശ്ചയിക്കുമ്പോൾ മൊത്തം ശമ്പളത്തിൽ വരുന്ന കുറവ് എത്രമാത്രമെന്ന് വ്യക്തമാക്കുമോ? | |
| (എച്ച്) | 01.07.2009 ന് മുമ്പ് മുതൽ സർവ്വീസിൽ ഉണ്ടായിരുന്നവരും 01.07.2009 ശേഷം സർവ്വീസിൽ തുടരുന്നവരുമായ 01.07.2009 ന് റിട്ടയർ ചെയ്തവരിൽ അധികം പേരും ഈ സർക്കാർ നിലവിൽ വന്നതു മുതൽ സർവ്വീസിലില്ല എന്ന വസ്തുത കണക്കിലെടുത്തു ഇന്നും തുടരുന്നവർ വിരലിലെണ്ണാവുന്നവർ | (എച്ച് & ഐ)<br><br>ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. |

| | | |
|---|---|---|
| | മാത്രമാണെന്ന കാര്യം കണക്കിലെടുത്തും ശമ്പളം പുതുക്കി നിശ്ചയിക്കുമ്പോൾ അധികം വാങ്ങിയതായി കാണുന്ന തുക എഴുതി തള്ളാൻ നടപടി സ്വീകരിക്കുമോ ; | |
| (ഐ) | മുമ്പ് ഉണ്ടായിരുന്നതും 01.07.2009 ന് ശേഷം ഇപ്പോഴും സർവ്വീസിൽ തുടരുന്നവരുമായവരുടെ എണ്ണം നാമമാത്രമാണ് എന്നത് പരിഗണിച്ച് ഇവരുടെ റീ - എംപ്ലോയിമെന്റ് സാലറി ക്രമപ്പെടുത്തുന്ന കാര്യത്തിൽ ഒരു നിർദ്ദേശം ഉടൻ പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ, എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | |

സെക്ഷൻ ഓഫീസർ

നിയമസഭാ ലൈബ്രറിയിൽ ലഭ്യമാണ്